**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 997** **24-02-2022 - ൽ മറുപടിയ്ക്ക്**

**ചപ്പാരപ്പടവ് പുഴക്കരയിലെ കിണർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ കുടിവെള്ള പദ്ധതി പൂർത്തീകരണത്തിന്റെ ഭാഗമായി ചപ്പാരപ്പടവ് പുഴക്കരയിൽ സ്ഥാപിക്കേണ്ട കിണറിന്റെ നിർമ്മാണ പ്രവൃത്തി വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) | സ്റ്റേറ്റ് പ്ലാൻ 2017-18 ൽ ഉൾപ്പെട്ട പയ്യന്നൂർ കുടിവെള്ള പദ്ധതിയുടെ (അടങ്കൽ തുക 610 ലക്ഷം രൂപ) ഭാഗമായ കിണറിന്റെ നിർമ്മാണ പ്രവൃത്തിക്ക് 29/04/2020 ന് പ്രവർത്തനാനുമതി നൽകിയെങ്കിലും കിണർ കുഴിക്കുന്നതിനു വേണ്ടി പാറപൊട്ടിക്കുന്നതിനുള്ള അനുമതി ലഭിക്കാ ത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചില്ല. 25/11/2021 ൽ ജില്ലാഭരണ കൂടത്തിന്റെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 03/01/2022 -ന് പ്രവൃത്തി ആരംഭിച്ചു. എന്നാൽ നാട്ടുകാരുടെ എതിർപ്പ് മൂലവും ചപ്പാരപ്പടവ് പഞ്ചായത്തിന്റെ സ്ഥലം കൈയ്യേറി എന്നാരോപിച്ച് പഞ്ചായത്ത് സെക്രട്ടറി പ്രവൃത്തി നിർത്തിവെക്കാനുള്ള സ്റ്റോപ്പ് മെമ്മോ നല്കിയി രുന്നതിനാലും പ്രവൃത്തി താത്കാലികമായി നിർത്തിവെക്കേണ്ടി വന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ബഹു. കണ്ണൂർ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ 11/01/2022 ന് ചേർന്ന യോഗത്തിൽ പ്രസ്തുത പ്രവൃത്തി എത്രയും പെട്ടെന്ന് പുനരാരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ